# 2008-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 1997 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ധനം വിനിയോഗിക്കാൻ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—1997 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില സർവ്വീസുകൾക്കായി ആ വർഷത്തിൽ അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ധനം വിനിയോഗിക്കാൻ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേര്.—ഈ ആക്ടിന് 2008-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

2. 1997 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ ചില അധിക ചെലവ് നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 1,500 രൂപ നൽകൽ .— പട്ടികയിലെ (2)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വീസുകൾ സംബന്ധിച്ച് 1997 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തിൽ ആ സർവ്വീസുകൾക്ക് ആ വർഷത്തേക്ക് വേണ്ടി അനുവദിച്ച തുകകളിൽ കവിഞ്ഞ് ചെലവാക്കിയ തുകകൾ നേരിടുന്നതിനായി പട്ടികയിലെ (3)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒട്ടാകെ ആയിരത്തി അഞ്ഞൂറ് രൂപ വരുന്ന തുക കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്നതാണ്.

243/2008. (9)

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ നോക്കുക)

| (1) | (2) | | (3) | | |
|---|---|---|---|---|---|
| | | | കവിഞ്ഞത് | | |
| ഡിമാന്റ് നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (രൂപ) | സഞ്ചിതനിധിയിൽനിന്നും ചാർജ്ജ് ചെയ്തത് (രൂപ) | ആകെ (രൂപ) |
| VI | ഭൂനികുതി | റവന്യൂ | .. | 1,500 | 1,500 |
| | | ആകെ | .. | 1,500 | 1,500 |

243/2008. (9)

3. ധനവിനിയോഗം.—ഈ ആക്ടിൻ കീഴിൽ കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുന്നതിനും വിനിയോഗിക്കുന്നതിനും അധികാരപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്ന തുകകൾ 1997 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷം സംബന്ധിച്ച പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാണ്.